REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 20-08-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- **ഇന്ത്യ- ചൈന സുസ്ഥിര- ക്രിയാത്മക ബന്ധങ്ങൾ, മേഖലാ- ആഗോള തലങ്ങളിൽ സമാധാനത്തിനും, സമൃദ്ധിയ്ക്കും വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശപത്രിക നൽകും. INDI സഖ്യം സ്ഥാനാർത്ഥി ജസ്റ്റിസ് B സുദർശൻ റെഡ്ഡി നാളെ പത്രിക സമർപ്പിക്കും.**
- **തൃശൂർ പാലിയേക്കര ടോൾ പ്ലാസ കേസിൽ ഹൈക്കോടതി വിധിക്കെതിരെ ദേശീയപാതാ അതോറിറ്റി നൽകിയ അപ്പീൽ സുപ്രീംകോടതി തള്ളി.**
- **സംസ്ഥാനത്ത് ചില ജില്ലകളിൽ ഇന്ന് മഴയ്ക്ക് സാധ്യത. കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.**
- **സാഫ് അണ്ടർ 17 വനിതാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഇന്ന് നേപ്പാളുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

ഇന്ത്യയ്ക്കും, ചൈനയ്ക്കുമിടയിലെ സുസ്ഥിരവും, ക്രിയാത്മകവുമായ ബന്ധങ്ങൾ മേഖലാ- ആഗോള തലങ്ങളിൽ സമാധാനത്തിനും, സമൃദ്ധിയ്ക്കും വഴിയൊരുക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യ- ചൈന അതിർത്തിയിൽ സമാധാനവും, ശാന്തിയും നിലനിർത്തേണ്ടതിന്റെ ആവശ്യകത പ്രധാനമന്ത്രി എടുത്തു പറഞ്ഞു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)......

അതിർത്തി പ്രശ്നങ്ങൾക്ക് ന്യായവും, വ്യക്തവും ഇരുപക്ഷങ്ങൾക്കും സ്വീകാര്യവുമായ പരിഹാരം കണ്ടെത്തുന്നതിൽ ഇന്ത്യയുടെ പ്രതിബദ്ധത പ്രധാനമന്ത്രി നരേന്ദ്രമോദി ആവർത്തിച്ചു. ചൈനീസ് വിദേശകാര്യമന്ത്രി വാങ്-യി യുമായി കൂടിക്കാഴ്ച നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചൈനയിലെ ടിയാൻജിനിൽ ഷാങ്ഹായ് കോർപറേഷൻ സംഘടനയുടെ ഉച്ചകോടിയിൽ പങ്കെടുക്കാൻ മോദിയെ ക്ഷണിക്കുന്ന ചൈനീസ് പ്രസിഡണ്ട് ഷി ജിൻ പിങിന്റെ സന്ദേശം വാങ്-യി കൈമാറി. കഴിഞ്ഞ വർഷം ചൈനീസ് പ്രസിഡണ്ടുമായി ചർച്ച നടത്തിയ ശേഷം ഇരുരാജ്യങ്ങൾക്കുമിടയിലെ ബന്ധങ്ങളിൽ മികച്ച പുരോഗതിയുണ്ടായതായും നരേന്ദ്രമോദി പറഞ്ഞു. കൈലാസ്- മാനസസരോവർ യാത്രയടക്കം പുനരാരംഭിക്കാൻ ചർച്ച വഴിയൊരുക്കി.

✪✪✪

NDA യുടെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥി CP രാധാകൃഷ്ണൻ ഇന്ന് നാമനിർദ്ദേശപത്രിക നൽകും. എല്ലാ NDA കക്ഷിനേതാക്കളും പത്രികാസമർപ്പണ വേളയിൽ പങ്കെടുക്കും. ഇന്നലെ ഡൽഹിയിൽ ചേർന്ന NDA പാർലമെന്ററി പാർട്ടി യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി സ്ഥാനാർത്ഥിയെ പരിചയപ്പെടുത്തി. രാധാകൃഷ്ണനെ ഏകകണ്ഠമായി തിരഞ്ഞെടുക്കണമെന്ന് പ്രതിപക്ഷത്തെ ഉൾപ്പെടെ എല്ലാ MP മാരോടും പ്രധാനമന്ത്രി അഭ്യർത്ഥിച്ചതായി പാർലമെന്ററി കാര്യമന്ത്രി കിരൺ റിജിജു മാധ്യമങ്ങളോടു പറഞ്ഞു.

INDI സഖ്യത്തിന്റെ ഉപരാഷ്ട്രപതി സ്ഥാനാർത്ഥിയായി സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് B സുദർശൻ റെഡ്ഡിയെ തീരുമാനിച്ചിട്ടുണ്ട്. സെപ്റ്റംബർ ഒൻപതിനാണ് 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്. പത്രികാ സമർപ്പണത്തിന്റെ അവസാന ദിവസമായ നാളെ സുദർശൻ റെഡ്ഡി പത്രിക നൽകും.

✪✪✪

തിരഞ്ഞെടുപ്പ് കമ്മീഷനെതിരെ പ്രതിപക്ഷ നേതാവ് രാഹുൽഗാന്ധി ഉന്നയിച്ച ആരോപണങ്ങൾ അടിസ്ഥാനരഹിതവും ജനാധിപത്യ രാജ്യത്തിന് നിരക്കുന്നതുമല്ലെന്ന് BJP വക്താവ് ഗൗരവ് ഭാട്ടിയ പറഞ്ഞു. ഉന്നയിക്കുന്ന ആരോപണങ്ങളിൽ വിശ്വസനീയ തെളിവുകൾ ഒരിക്കലും രാഹുൽ ഹാജരാക്കുന്നില്ലെന്നും ഭാട്ടിയ ഡൽഹിയിൽ കുറ്റപ്പെടുത്തി.

✪✪✪

അടുത്ത അഞ്ച് വർഷത്തിനകം ഇന്ത്യ ഓട്ടോ മൊബൈൽ വ്യവസായ രംഗത്ത് ലോകത്തെ ഒന്നാം സ്ഥാനത്തെത്തുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ഓട്ടോ മൊബൈൽ മേഖല നിലവിൽ പ്രതിവർഷം 14 ശതമാനം വളർച്ച കൈവരിക്കുന്നുണ്ട്. ഹരിത ആശയത്തിലൂന്നി വൈദ്യുതി വാഹനങ്ങളിലും, ബാറ്ററി നിർമാണത്തിലും ഗവൺമെന്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നുണ്ടെന്നും നിതിൻ ഗഡ്കരി ഡൽഹിയിൽ പറഞ്ഞു.

✪✪✪

ഇന്ന് ദേശീയ സദ്ഭാവന ദിവസ്. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമാണ് എല്ലാ വർഷവും ആഗസ്ത് 20 ദേശീയ സദ്ഭാവനാ ദിവസായി ആചരിക്കുന്നത്. ദേശീയ ഐക്യം, സമാധാനം, സഹാനുഭൂതി, സാമുദായിക ഐക്യം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് സദ്ഭാവന ദിവസ് ആഘോഷിക്കുന്നത്.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 31 ന് രാവിലെ 11 ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 125 -ാം പതിപ്പാണിത്. നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും ഈ മാസം 29 വരെ അഭിപ്രായങ്ങളും ആശയങ്ങളും അറിയിക്കാം.

✪✪✪

തൃശൂർ പാലിയേക്കര ടോൾ പ്ലാസ കേസിൽ ഹൈക്കോടതി വിധിക്കെതിരെ ദേശീയപാതാ അതോറിറ്റി സമർപ്പിച്ച അപ്പീൽ സുപ്രീംകോടതി തള്ളി.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിതാ പ്രതാപ്....

...(വോയ്സ്)....

✪✪✪

റോഡ് നിർമ്മാണത്തിന് പഴയ റോഡുകളുടെ പൊളിച്ചു മാറ്റുന്ന ഉപരിതലം പുനരുപയോഗപ്പെടുത്തുന്ന റീ ക്ലെയിംഡ് അഫ്സാൾട്ട് പേവ്മെന്റ് സാങ്കേതിക വിദ്യ പരീക്ഷിക്കുമെന്ന് മന്ത്രി PA മുഹമ്മദ് റിയാസ് അറിയിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരത്തെ കിള്ളിപ്പാലം - പ്രാവച്ചമ്പലം

റോഡിൽ ഇത്തരം നിർമ്മാണം നടത്തും. ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന പൊതുമരാമത്ത് വകുപ്പ് യോഗത്തിലാണ് തീരുമാനം.

✪✪✪

നഗര വികസനത്തെപ്പറ്റി ചർച്ചകളും പുതിയ പദ്ധതി നിർദ്ദേശങ്ങളും എപ്പോഴും ഉയർന്നു വരുന്നുണ്ടെങ്കിലും അവയ്ക്ക് തുടർച്ച ഉണ്ടാവുന്നില്ലെന്ന് മന്ത്രി V.ശിവൻകുട്ടി അഭിപ്രായപ്പെട്ടു. പദ്ധതികൾ തുടർന്നു കൊണ്ടുപോകാൻ സംവിധാനം ഉണ്ടായാലേ ഇത്തരം ചർച്ചകൾ വിജയിക്കൂ എന്ന് അദ്ദേഹം പറഞ്ഞു. തിരുവനന്തപുത്ത് 'നാളത്തെ അനന്തപുരി' എന്ന വിഷയത്തിലെ സൗഹൃദ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. സീനിയർ ജേണലിസ്റ്റ് ഫോറം ദേശീയ സമ്മേളനത്തിന്റെ ഭാഗമായാണ് ചർച്ച സംഘടിപ്പിച്ചത്.

✪✪✪

സംസ്ഥാനത്ത് കഴിഞ്ഞ ഒരു മാസത്തിനിടെ സ്പെഷ്യൽ സ്ക്വാഡുകളുടെ പരിശോധനയിൽ 17,000 ലിറ്ററോളം വ്യാജ വെളിച്ചെണ്ണ പിടിച്ചെടുത്തതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. 469 സാമ്പിളുകൾ ശേഖരിച്ച് നടപടിയെടുത്തു. 1,014 വെളിച്ചെണ്ണ പരിശോധനയാണ് നടത്തിയത്. 25 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി. കേരസൂര്യ, കേരഹരിതം, കുട്ടനാടൻ കേര എന്നീ പേരുകളിൽ വ്യാജ വെളിച്ചെണ്ണ വിറ്റവർക്കെതിരെ നിയമ നടപടിയെടുത്തതായും മന്ത്രി അറിയിച്ചു.

✪✪✪

ഓണക്കാലത്ത് ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം ഉറപ്പു വരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ കർശന പരിശോധനയ്ക്ക് തിങ്കളാഴ്ച തുടക്കമാകും.

കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ M സ്മിതി.

.......(വോയ്സ്)......

✪✪✪

സംസ്ഥാനത്ത് ഇന്ന് ചില ജില്ലകളിൽ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരിടത്തും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല.

തീരമേഖലയിൽ മണിക്കൂറിൽ 40 മുതൽ 50 കിലോമീറ്റർ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ട്. കർണാടക തീരങ്ങളിൽ ഇന്നും ലക്ഷദ്വീപിൽ വെള്ളിയാഴ്ച വരെയും മീൻപിടിത്തക്കാർ കടലിൽ പോകരുതെന്ന് നിർദേശമുണ്ട്.

✪✪✪

കണ്ണൂർ സെൻട്രൽ ജയിലിൽ സുരക്ഷ വീഴ്ച്ച ഉണ്ടായോ എന്ന് പരിശോധിക്കുമെന്ന് ഗോവിന്ദച്ചാമിയുടെ ജയിൽച്ചാട്ടം അന്വേഷിക്കുന്ന കമ്മീഷൻ അംഗം ഹൈക്കോടതി റിട്ട. ജസ്റ്റിസ് C.N രാമചന്ദ്രൻ നായർ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ ജയിലുകളും സന്ദർശിച്ച് ആറുമാസത്തിനകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുമെന്നും ജസ്റ്റിസ് രാമചന്ദ്രൻ നായർ കണ്ണൂരിൽ അറിയിച്ചു.

✪✪✪

മനുഷ്യ- വന്യജീവി സംഘർഷ ലഘൂകരണത്തിന് നയസമീപന രേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും ക്ഷണിച്ചു. വനംവകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ കരട് നയ സമീപന രേഖ പരിശോധനയ്ക്ക് ലഭ്യമാണ്. ഈ മാസം 27 ന് മുമ്പ് നിർദ്ദേശങ്ങൾ E-മെയിലിൽ അയക്കേണ്ടതാണ്.

✪✪✪

മനുഷ്യക്കടത്ത് പ്രതിരോധ വിഷയത്തിൽ പൊലീസും, അസോസിയേഷൻ ഫോർ വൊളണ്ടറി ആക്ഷനും ചേർന്ന് തിരുവനന്തപുരത്ത് രാവിലെ ഏകദിന സെമിനാർ സംഘടിപ്പിക്കും. തൈക്കാട് പൊലീസ് ട്രെയിനിംഗ് കോളജിലെ സെമിനാർ സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ ഉദ്ഘാടനം ചെയ്യും. ADGP S ശ്രീജിത്ത് മുഖ്യപ്രഭാഷണം നടത്തും. മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരും ലീഗൽ സർവീസ് അതോറിറ്റി ഉദ്യോഗസ്ഥരും, അഭിഭാഷകരും പങ്കെടുക്കും.

✪✪✪

നാളെ കോഴിക്കോട്ട് ആരംഭിക്കുന്ന സംസ്ഥാന ട്രാൻസ്ജെൻഡർ കലോത്സവം 'വർണപകിട്ടി'-ന്റെ പ്രചരണാർത്ഥം ബീച്ചിൽ ഫ്ലാഷ് മോബ് അടക്കം പരിപാടികൾ സംഘടിപ്പിച്ചു. മൂന്ന് ദിവസമാണ് കലോത്സവം. ദേശീയ സെമിനാർ, ഫിലിം ഫെസ്റ്റിവൽ, കലാമത്സരങ്ങൾ എന്നിവ കലോത്സവത്തിന്റെ ഭാഗമായി നടത്തും.

✪✪✪

തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് ആത്മാഭിമാനത്തോടെ ജോലി ചെയ്യാൻ സാഹചര്യമുണ്ടാകണമെന്ന് വനിതാകമ്മീഷൻ അധ്യക്ഷ P സതീദേവി പറഞ്ഞു. മൂന്നാറിൽ വനംവകുപ്പ് ബീറ്റ് ഓഫീസർമാർക്കും, വാച്ചർമാർക്കുമായി സംഘടിപ്പിച്ച പബ്ലിക് ഹിയറിംഗ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. ഹിയറിംഗിൽ കണ്ടെത്തുന്ന വിഷയങ്ങൾ പരിശോധിച്ച് ഗവൺമെന്റിന് ശുപാർശ നൽകുമെന്ന് ചെയർ പേഴ്സൺ അറിയിച്ചു.

✪✪✪

കൊയിലാണ്ടി നഗരസഭാ കുടുംബശ്രീ CDS - ന് ISO-9001-2015 അംഗീകാരം ലഭിച്ചു. ISO സ്റ്റേജ്-2 ഓഡിറ്റ് വിജയകരമായി പൂർത്തിയാക്കിയതിന്റെ അടിസ്ഥാനത്തിലാണ് സർട്ടിഫിക്കേഷൻ നേട്ടം.

✪✪✪

കണ്ണൂർ- തലശ്ശേരി ദേശീയപാത റൂട്ടിൽ ഇന്നലെ സ്വകാര്യ ബസുകൾ ആരംഭിച്ച മിന്നൽ പണിമുടക്ക് നിർത്തിവെച്ചതായി ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ ജില്ലാ ജനറൽ സെക്രട്ടറി അറിയിച്ചു. എടക്കാടിനടുത്ത് നടാലിൽ വാഹനങ്ങൾ വഴിതിരിച്ചുവിട്ടതിൽ പ്രതിഷേധിച്ച് ആയിരുന്നു ബസ്സുകളുടെ പണിമുടക്ക്.

✪✪✪

മഞ്ചേരി മെഡിക്കൽ കോളേജിലെ നവീകരിച്ച അമ്മത്തൊട്ടിൽ ബാലവകാശ സംരക്ഷണ കമ്മീഷൻ ചെയർപേഴ്സൺ KV മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. വനിതാ ശിശു വികസന വകുപ്പ്, ശിശുക്ഷേമ സമിതി, ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയുടെ സഹകരണത്തോടെ പാറമ്മൽ കുടുംബ കൂട്ടായ്മയാണ് അമ്മത്തൊട്ടിൽ നവീകരിച്ചത്.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: ഫസ്ന ഫാത്തിമ*
*DEO: ഷീബ*